"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് - 'മാർഗ്ഗദീപം-പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം' എന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.528/2022/LSGD തീയതി,തിരുവനന്തപുരം, 05-03-2022

---

പരാമർശം:- 1. എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2022-ലെ കത്ത്

2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.17-ാം നമ്പർ തീരുമാനം

**ഉത്തരവ്**

മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനത്തിനു വേണ്ടിയുള്ള പ്രോജക്ട് നടപ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദൂരസ്ഥലങ്ങളിൽ പോയി പരിശീലനം നേടുന്നതിനു പകരം നിലവിൽ സജ്ജമാക്കിയിട്ടുള്ള പരിശീലന കേന്ദ്രത്തിൽവച്ച് പരിശീലനം നൽകുന്നതാണ് 'മാർഗ്ഗദീപം' പി.എസ്.സി പരിശീലന പരിപാടിയിൽ ഉദ്ദേശിക്കുന്നത്. ഈ പ്രോജക്ട് നടപ്പ് വർഷം നടപ്പാക്കാൻ അനുമതി നൽകുന്നതോടൊപ്പം തുടർന്നുള്ള എല്ലാ വർഷവും ഇത്തരം പരിശീലനം സംഘടിപ്പിക്കാനും അനുമതി നൽകണമെന്ന് പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. എത്ര പേർക്ക് പരിശീലനം നൽകുന്നു എന്നതടക്കമുള്ള വിശദാംശങ്ങൾ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കണമെന്ന നിബന്ധനയോടെ നടപ്പ് വർഷത്തേക്ക് പ്രോജക്ടിന് അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള 'മാർഗ്ഗദീപം-പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി പരിശീലനം' എന്ന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കണമെന്ന നിബന്ധനയോടെ നടപ്പ് വർഷത്തേക്ക് അനുമതി നൽകി ഉത്തരവാകുന്നു. പി.എസ്.സി പരിശീലനത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവരെ പരിശീലകരായി നിശ്ചയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, മുവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം

ജില്ലാ പ്ലാനിംഗ് ഓഫീസർ,എറണാകുളം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 05-03-2022 16:59:03**

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി